# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2162

15.07.2011- ൽ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ സീനിയോരിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ സീനിയോരിറ്റി/ സ്ഥാനക്കയറ്റം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം എന്താണ് ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മറ്റു വകുപ്പുകളിലേതു പോലെ നിലവിലുള്ള നിയമങ്ങൾ മാനദണ്ഡമാക്കിയാണ് സീനീയോരിറ്റി /സ്ഥാനക്കയറ്റവും നിശ്ചയിക്കുന്നത്. ഡി.ആർ.ബി വ്യവസ്ഥകളു, പി.എസ്.സി. നിയമന ശുപാർശയുടെ തീയതിയും, സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത പരീക്ഷ പാസായ തീയതിയും ഉൾപ്പെടെയുള്ള വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ് എൽ.ഡി.ക്ളാർക്ക് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. ഈ ലിസ്റ്റിൽ നിന്നും 1:1 എന്ന സംസ്ഥാന റേഷ്യോ പ്രകാരം യു.ഡി.ക്ളാർക്കുമാരായി സ്ഥാനക്കയറ്റം നൽകുന്നു. തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ തൊട്ടു താഴെയുള്ള കേഡറുകളിലെ സീനിയോരിറ്റി അനുസരിച്ചാണ് നൽകുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് വിധി പുറപ്പെടുവിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (സി) | കോടതി വിധി സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സീനിയോരിറ്റി/സ്ഥാനക്കയറ്റം സംബന്ധിച്ച് 2009ൽ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധി നടപ്പിലാക്കിയിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | കേരള ഹൈക്കോടതി റദ്ദ് ചെയ്ത മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കി നടത്തിയ പ്രൊമോഷൻ പ്രകാരം ഇപ്പോഴും ശമ്പളം കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) | ഈ വിധി ഇതുവരെ നടപ്പാക്കിയിട്ടില്ലാത്തതിനാൽ വിധിയിലൂടെ റദ്ദുചെയ്ത സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാന മാക്കിയുള്ള യു.ഡി.ക്ലാർക്ക് പ്രൊമോഷൻ നിലനിൽക്കുന്നുണ്ട്. ആയതിനാൽ അപ്രകാരം പ്രമോഷൻ ലഭിച്ചവർ യു.ഡി. ക്ലാർക്ക് തസ്തികയിലെ ശമ്പളം വാങ്ങുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**